പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സാ ധനസഹായം

302 (2858) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എത്ര രൂപയാണ് ഒരാൾക്ക് നൽകിവരുന്നത് ; വിശദമാക്കുമോ ;

(ബി) എത്ര പേർക്കാണ് പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നത് ; വിശദമാക്കുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഈ തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) ഉണ്ടെങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽനിന്നും 50,000 രൂപവരെ ചികിത്സാധനസഹായമായി അനുവദിച്ചുവരുന്നു.

ഹൃദയ ശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻട്യൂമർ, കാൻസർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ രോഗങ്ങളുടെ ചികിത്സയ്ക്കായി 1,00,000 രൂപവരെ അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിക്ക് നേരിട്ട് നൽകുന്നതാണ്.

അപേക്ഷകരുടെ വാർഷിക വരുമാന പരിധി 50,000 രൂപയാണ്. അപേക്ഷകന്റെ ജാതി-വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷകൻ താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക്/നഗരസഭാ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപേക്ഷകരുടെ ജാതി, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച് അർഹരായ മുഴുവൻ പേർക്കും ധനസഹായം അനുവദിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ച ധനസഹായ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം	വിതരണം ചെയ്ത തുക (ലക്ഷത്തിൽ)
2011-12	7954	454.55
2012-13	9480	872.18
2013-14	10164	1561.9
2014-15 (30-9-2014 വരെ)	6326	550

(സി) മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും 25,000 രൂപ വരെ ചികിത്സാ ധനസഹായമായി അനുവദിച്ചിരുന്നു. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

വർഷം	ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം	വിതരണം ചെയ്ത തുക (ലക്ഷത്തിൽ)
(1)	(2)	(3)
2006-07	3076	100.15

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
2007-08	4621	399.13
2008-09	7911	500.00
2009-10	7709	550.00
2010-11	7671	538.00

(ഡി&ഇ) ഉക അപര്യാപ്തമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 20-9-2012-ലെ സ.ഉ. (കൈ) നമ്പർ 128/12/പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം ചികിത്സാ ധനസഹായത്തുക 25,000 രൂപയിൽ നിന്നും 50,000 രൂപയായും മാരക രോഗങ്ങൾക്കുള്ള ധനസഹായത്തുക ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

303 (2859) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനായി 2011-12, 2012-13, 2013-14 വർഷങ്ങളിൽ എന്ത് ഉക ചെലവഴിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly